# കേരള സർവകലാശാല

നം.പി.ആർ.181/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

ആഗസ്റ്റ് 14 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.കോം (എസ്.ഡി.ഇ–2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ 'മോഡേൺ ഇംഗ്ലീഷ് ഗ്രാമർ ആൻഡ് യൂസേജ്' എന്ന പേപ്പർ സെപ്റ്റംബർ 17 ലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആഗസ്റ്റ് 17 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.എ, ബി.എസ്.സി (എസ്.ഡി.ഇ–2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ 'മോഡേൺ ഇംഗ്ലീഷ് ഗ്രാമർ ആൻഡ് യൂസേജ്' എന്ന പേപ്പർ സെപ്റ്റംബർ 17 ലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

### സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള (ഇ.സി, സി.എസ്, ഐ.ടി ബ്രാഞ്ചുകൾ) സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 10 ന് രാവിലെ 10 മണി മുതൽ കോളേജിൽ വച്ച് നടത്തുന്നതാണ്. ഫോൺ: 9037119776

എം.ബി.എ പ്രവേശന യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികൾ ആലപ്പുഴ, അടൂർ, കുണ്ടറ, പുനലൂർ എന്നീ യു.ഐ.എം കളിലെ പ്രിൻസിപ്പൽമാരുമായി ബന്ധപ്പെടുക. ആഗസ്റ്റ് 13 ന് രാവിലെ 10 മണി മുതൽ സ്പോട്ട് അഡ്മിഷൻ നേടാവുന്നതാണ്.

സർവകലാശാലയുടെ കീഴിലുള്ള മാർ തിയോഫിലസ് ട്രെയിനിംഗ് കോളേജിൽ 2018–19 അദ്ധ്യയന വർഷത്തെ ബി.എഡ് കോഴ്സിലേയ്ക്ക് ഒഴിവുള്ള സീറ്റിൽ ആഗസ്റ്റ് 10 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 10 മണിക്കു മുൻപായി കോളേജിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

### ടൈംടേബിൾ

2018 ആഗസ്റ്റിൽ നടക്കുന്ന നാലാം സെമസ്റ്റർ റെഗുലർ ബി.ടെക് (2013 സ്കീം), കോഴ്സ് കോഡിൽ വരുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് പരീക്ഷ ടൈംടേബിൾ വെബ്സൈറ്റിൽ.

### യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ

2018–19 വർഷത്തെ സർവകലാശാല യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ ആഗസ്റ്റ് 10 ന് രാവിലെ 10.30 ന് യൂണിവേഴ്സിറ്റി സെനറ്റ് ചേമ്പറിൽ വച്ച് നടക്കുന്നു. പ്രൊ.

ഇൻ-ചാർജ് ഓഫ് വൈസ് ചാൻസിലർ ഡോ. സി.ഗണേഷിന്റെ സാന്നിദ്ധ്യത്തിലാണ് പ്രസ്തുത ചടങ്ങ്. സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മേഖലയിലെ പ്രമുഖരും സർവകലാശാല മുൻ ഭാരവാഹികളും പങ്കെടുക്കും. ഭാരവാഹികളുടെ സത്യപ്രതിജ്ഞയോടൊപ്പം ക്യാമ്പസുകളെ വർഗ്ഗീയ വിമുക്തമാക്കുന്നതിനും വേണ്ടിയുള്ള പ്രതിജ്ഞയും എടുക്കും.

## പി.ജി അസൈൻമെന്റ്

വിദൂര വിദ്യാഭ്യാസ കേന്ദ്രം ഒന്നും രണ്ടും സെമസ്റ്റർ പി.ജി അസൈൻമെന്റ് (എം.കോം) സെപ്റ്റംബർ 6, (എം.എ,എം.എസ്സ്.സി) സെപ്റ്റംബർ 7 എന്നീ തീയതികളിൽ സമർപ്പിക്കാവുന്നതാണ്.

## പരീക്ഷാഫലം

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ജൂൺ 2018 ൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ശ്രീ. സുകേശൻ.ജി (രജി.നം.11892), ശ്രീമതി. വിജയശ്രീ പണിക്കർ (രജി.നം.11894) എന്നിവർ ഒന്നാം റാങ്ക് പങ്കിട്ടു.

## ബിരുദ പ്രവേശനം – അവസാന തീയതി 10.08.2018

കേരള സർവകലാശാലയുടെ 2018-19 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനം ആഗസ്റ്റ് 10-ന് അവസാനിക്കുന്നതാണ്.

## പി.ജി. ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി ആഗസ്റ്റ് 28-വരെ ദീർഘിപ്പിച്ചിരിക്കുന്നു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ /സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള (2018-19) ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി ആഗസ്റ്റ് 28-വരെ ദീർഘിപ്പിച്ചിരിക്കുന്നു.

തിരുവനന്തപുരം.
09.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**